Lalith Babu

**പഴയ ചില ആധാരങ്ങളിൽ നിലത്തിന്റെ ക്ലാസ്സിഫിക്കേഷനിൽ നഞ്ച പുഞ്ച എന്നിവ കൂടാതെ മനവരി എന്നും കാണാറുണ്ട്**

ജമ നിശ്ചയിക്കേണ്ട കാര്യത്തിന്നായി നിലങ്ങളെ സാമാന്യമായി "നഞ്ച" എന്നും "പുഞ്ച" എന്നും രണ്ടു ഇനങ്ങളായി തരംതിരിച്ചിരിക്കുന്നു. എന്നാൽ ചില ജില്ലകളിൽ "മനവരി" എന്ന വേറൊരു തരവുംകൂടി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ നിലങ്ങൾ ഏതെന്നാൽ, നിലത്തിൽ കെട്ടി നിർത്തിയ മഴവെള്ളം കൊണ്ടോ ചതുപ്പ നിലങ്ങളിലെയോ ചെറുകുണ്ടുകളിലെയോ മറ്റൊ വെള്ളംകൊണ്ടോ നനച്ചു നഞ്ചകൃഷി വിളകൾ എടുക്കുന്ന നിലങ്ങളോ ചില സംഗതികളിൽ ഏരിപ്രദേശ നിലങ്ങളോ ആകുന്നു. മനവരി നിലങ്ങൾക്ക പ്രത്യേക നിരക്കുകളിൽ ജമ കെട്ടുന്നു. ആ നിരക്കുകൾ, ഇങ്ങിനെയല്ലെങ്കിൽ കെട്ടാവുന്ന പുഞ്ച നിരക്കുകളുടെയും നഞ്ച നിരക്കുകളുടെയും ഇടയിലുള്ള നിരക്കുകളാകുന്നു.